RESOLUTION No. 29

NEED FOR ESTABLISHMENT OF MALAYALAM SCHOOLS IN THE STATE

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: ''നിർബ്ബന്ധ പ്രാഥമികവിദ്യാഭ്യാസം നടപ്പിൽവരുത്തുന്നതിന്റെ പ്രാഥമികചടങ്ങായി കൊച്ചിയിൽ വിദ്യാലയങ്ങളില്ലാത്ത എല്ലാ വില്ലേജുകളിലും ഓരോ മലയാളം സ്കൂൾ ഉണ്ടാകണമെന്ന ഒരു പ്ലാനും പോളിസിയും വേണ്ടതാണെന്ന ഈ സഭ ഗവൺമെണ്ടിനോട് ശുപാർശചെയ്യുന്നു.

സർ, കൊച്ചിരാജ്യത്തിൽ വിദ്യാലയങ്ങളില്ലാത്ത എല്ലാ വില്ലേജുകളിലും ഓരോ മലയാളം സ്കൂൾ വേണം. അങ്ങിനെയായാൽ സെക്കണ്ടറി സ്കൂളുകളിലും ഹൈസ്കൂളുകളിലും സ്ഥലമില്ലാത്ത ആ അസൌകര്യം ഇല്ലാതാകും. പ്രാഥമിക വിദ്യാഭ്യാസം നിർബ്ബന്ധമാകണമെങ്കിൽ എല്ലാ വില്ലേജുകളിലും വിദ്യാലയം വേണം. ഇന്നു ഞാൻ പ്രാതിനിദ്ധ്യംവഹിക്കുന്ന മൂന്നു വില്ലേജുകളിൽ സ്കൂളുകളില്ല. അതുകൊണ്ടു ഇങ്ങിനെ ഒരു പദ്ധതി നടപ്പാക്കിയാൽ സ്ഥലമില്ലാതെ വിഷമിക്കുന്ന അടുത്തുള്ള സ്കൂളുകളിൽനിന്നു പ്രാഥമികക്ലാസുകൾ ഈ സ്കൂളുകളിലേക്കു മാറ്റുവാൻസാധിക്കും. അങ്ങിനെ ഇപ്പോഴത്തെ അസൌകര്യം നീങ്ങുകയുംചെയ്യും. ഈ കാര്യം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണ് ഞാൻ ഈ പ്രമേയം ഇവിടെ അവതരിപ്പിക്കുന്നതു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: സർ, ഈ പ്രമേയത്തെ ഞാൻ ശക്തിയായിപിൻതാങ്ങുന്നു. ഏറ്റവും പ്രാധാന്യമേറിയ ഒരു വിഷയമായിട്ടാണ് ഞാൻ ഈ പ്രമേയത്തെ കണക്കാക്കുന്നതു്. ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നതു പ്രാഥമികവിദ്യാഭ്യാസം നിർബ്ബന്ധമാക്കുന്നതിനു ഒരു പ്ലാനും പോളിസിയും വേണമെന്നാണ്. പ്രാഥമിക വിദ്യാലയങ്ങളും ഇല്ലാത്ത സ്ഥലങ്ങളിൽ അതു സ്ഥാപിക്കണമെന്നാണ് അദ്ദേഹം പറയുന്നതു്. കൊച്ചിയിലെ ഇന്നത്തെ നിലക്കു ഓരോ വില്ലേജുകളിലും ഓരോ പ്രാഥമികപള്ളിക്കൂടങ്ങളും എങ്കിലും വേണം. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. അടുത്തകൊല്ലത്തിലെങ്കിലും ഓരോ വില്ലേജിലും ഓരോ പ്രാഥമികവിദ്യാലയങ്ങളും ഏർപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി ഉണ്ടാക്കുകയും അതനുസരിച്ചു് പ്രവർത്തിക്കുകയും ചെയ്യുമെന്നു വിശ്വസിച്ചുകൊണ്ടു് ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മിസ്റ്റർ സി. എ. ഔസേപ്പ്: സർ, ജനങ്ങൾ തിങ്ങി താമസിക്കുന്ന വില്ലേജുകളിൽ സ്കൂളുകൾ ഇല്ലാതിരുന്നാൽ അതു് ഒരു പോരായ്മയാണെന്നു ഗവൺമെണ്ടിന്നറിയാം. ഇന്നു് കുറെ വില്ലേജുകളിൽമാത്രം സ്കൂളുകൾ ഇല്ലെന്നാണ് എന്റെ അറിവു്. ചിറ്റൂർ താലൂക്കിൽ ഒരറുനൂറ്റധികം ആളുകൾ താമസമില്ലാത്ത അഞ്ചാറു് വില്ലേജുകളിൽ കൂടി സ്കൂൾ ഇല്ലെന്നു് ഞാൻ നേരിട്ടറിഞ്ഞിട്ടുണ്ടു്. എന്നാൽ മിക്ക വില്ലേജുകളിലും ഇപ്പോൾ സ്കൂളുകളുണ്ടെന്നു് എനിക്കറിയാം.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ആവശ്യത്തിലധികം സ്കൂളുകളുള്ള വില്ലേജുകൾ ഉണ്ടെന്നറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഇതു അനേഷിച്ചു ഉത്തരം പറയേണ്ട ഒരു ചോദ്യമാണു്. ഞാൻ ഇതിനിപ്പോൾ മറുപടി പറയുന്നില്ല. എന്നാൽ ഈ കാര്യത്തിൽ ഈ പ്രമേയം വരുന്നതിനു വളരെ മുമ്പുതന്നെ സ്കൂളുകൾ എവിടെയൊക്കെയാണു് മേലിൽ ആവശ്യമുള്ളതു് എന്നും മറ്റും ആലോചിക്കാൻ ആവശ്യമായ വിവരങ്ങൾ ശേഖരിച്ചുവരുന്നുണ്ടു് അതിനെ സംബന്ധിച്ച വിവരങ്ങൾ കിട്ടിയതിനുശേഷം ഈ കാര്യം ആലോചിക്കുന്നതാണെന്നു് ഗവൺമെണ്ടു് ഉറപ്പുപറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: അങ്ങിനെ വിവരങ്ങൾ ശേഖരിച്ചു കഴിഞ്ഞാൽ സ്കൂളുകളില്ലാത്ത വില്ലേജുകളിൽ സ്കൂളുകൾ സ്ഥാപിക്കാനാണോ ഉദ്ദേശം?

മിസ്റ്റർ സി. എ. ഔസേപ്പ്: അതെ.

മിസ്റ്റർ കെ. കുഞ്ഞിരാമൻമേനോൻ: ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു പറഞ്ഞതനുസരിച്ചു് ഞാൻ ഈ പ്രമേയം പിൻവലിക്കുന്നു.

Resolution, by leave' withdrawn

Resolution Nos 30 & 31 were not moved.

RESOLUTION No. 32.

IMPROVEMENT OF DIET OF THE STATE HOSPITALS

മിസ്സിസ് ടി. ഫ്രാൻസിസ്സ്: *"This assembly recommends to Government to improve the diet of the State Hospitals by supplying the necessary calories of energy which the body requires for its maintenance.*

സർ, കൊച്ചിരാജ്യത്തിലെ ആശുപത്രികളിൽ ഇൻപേഷ്യൻറ്സിനു് (in-patients)

LIBRARY ARCHIVES Kerala Legislative Assembly

[Mrs. T. Francis]

കിട്ടുന്ന ആഹാരങ്ങളും അവരുടെ ദേഹപോഷണത്തിനു പറ്റിയ തരത്തിലല്ല. അവർക്ക് ഉച്ചക്കു കിട്ടുന്നതു് എന്നും ഒരേരീതിയിൽ കഞ്ഞിയും, രണ്ടു പപ്പടവും, വൈകുന്നേരം ചോറും ഒരുതരം പച്ചക്കറിയും, ആണ് കറിപ്പൊടി പോലും ഏതാണ്ടു് കൊല്ലത്തിനു അപ്പുറം മുതൽ ഇന്നത്തെ രീതിയിലാണ്. ചിലർക്കു ടൈഫോയിഡായിട്ടും മറ്റും കിടക്കുന്നവർക്ക് പാലു കൊടുക്കുന്നുണ്ടു്. അതും വെള്ളംകൂട്ടിയ പാലാണ്. പകുതിയും വെള്ളമായിരിക്കും. ഇതു ഔൺസ് കൊടുക്കണമെന്നുണ്ടു്. ചിലർക്കു അതുമുഴുവനും കൊടുക്കും. ചിലർക്കു പകുതി മാത്രമെ കൊടുക്കുകയുള്ളു. പിന്നെ കിട്ടുന്നതു പച്ചക്കറി മാത്രമാണു്. വേറെ മാംസമൊ, മത്സ്യമൊ യാതൊന്നുംതന്നെ കൊടുക്കുന്നില്ല. ഇന്നു് കൊടുക്കുന്ന ഈ പച്ചക്കറികൊണ്ടു് ഒരു ഇരുപതുകൊല്ലങ്ങൾക്കുമുമ്പു് മുതൽ അനുഷ്ഠിച്ചുവരുന്ന രീതി അനുസരിച്ചുണ്ടാക്കുന്നതു്. ഈ ഡയറ്റ് വളരെ മോശമാണു്. അതിൽ യാതൊരു പോഷകാംശങ്ങളുമില്ല. ഈ ഡൈയിറ്റ് ഒന്നു ഭേദപ്പെടുത്തണം. മദ്രാസ് മുതലായ സ്ഥലങ്ങളിൽ വളരെ പോഷകാംശങ്ങളുള്ള ഡൈയിറ്റാണു് കൊടുക്കുന്നതു്. കാലത്തു പാലുണ്ടു്, പിന്നെ ഓറഞ്ചുകൊടുക്കും. ഉച്ചക്കു ചോറും നല്ല കറികളും, നല്ല മോരും കൊടുക്കുന്നുണ്ടു്. എന്നാൽ നമ്മുടെ ആശുപത്രികളിലെ in-patients-ന്റെ നില വളരെ കഷ്ടമാണു്. ഇതൊന്നു ഭേദപ്പെടുത്തണമെന്നാണു് ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ടു് ഞാൻ ഗവൺമെണ്ടിനോടു് അഭ്യർത്ഥിക്കുന്നതു്.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: സർ, നമ്മുടെ ആശുപത്രികളിലെ രോഗികളുടെ ഭക്ഷണനില വളരെ ഭേദപ്പെടുത്തേണ്ട കാലം അതിക്രമിച്ചിരിക്കുന്നു എന്നു മിസ്സിസ് ഫ്രാൻസിസിന്റെ യോജിക്കുന്നു. വളരെ കാലമായി അംഗീകരിച്ചിട്ടുള്ള ഒരു ഭക്ഷണരീതിയാണു് ആശുപത്രികളിൽ ഇന്നും തുടർന്നുവരുന്നതെന്നാണു് ഡോക്ടർ മിസ്സിസ് ഫ്രാൻസിസ്സ് ഇവിടെ പറയുന്നതു്. അവർ പപ്പടത്തിനേറയും, ചീരക്കറിയുടേയും കാര്യം ഇവിടെ പറയുകയുണ്ടായി. ഔട്ട് പേഷ്യൻസിന്റെ ഡെയിറ്റിനെറ്റിനെക്കുറിച്ചു് വിറ്റാമിൻ, എ. ബി. സി. എന്നൊക്കെ പറഞ്ഞു് അത്തരം ഭക്ഷണങ്ങളും നിർദ്ദേശിച്ചുകൊടുക്കുന്നുണ്ടു്. എന്നാൽ ഇൻ പേഷ്യൻസിന്റെ കാര്യത്തിൽ അങ്ങിനെയൊന്നും കാണുന്നില്ല. അവിടെ കിടക്കുന്നവർക്കു കിട്ടുന്ന പാലുതന്നെ അധികവും വെള്ളം ചേർത്തതാണു്. എറണാകുളം ജനറൽ ആശുപത്രിയെ സംബന്ധിച്ചു് മാത്രമല്ല, ഈ ഭക്ഷണനിലയെക്കുറിച്ചുള്ള പരാതി കൊച്ചീരാജ്യത്തിലെ എല്ലാ ആശുപത്രികളെപ്പറ്റിയുമുണ്ടു്. ഇന്നത്തെ ഈ ഭക്ഷണരീതി രോഗികളുടെ ആരോഗ്യത്തിനു പറ്റിയതല്ല അവർക്കു് മധുരനാരങ്ങ തുടങ്ങിയ പഴവർഗ്ഗങ്ങൾകൂടി കൊടുക്കാൻ സാധിക്കുമെങ്കിൽ അതു് നല്ലതാണു്. ഏതായാലുംശരിയായ പോഷകാംശങ്ങളും അടങ്ങിയ ആഹാരസാധനങ്ങളും വേണ്ടുന്നവർക്കെല്ലാം കൊടുത്തുകൊണ്ടാൽ കൊള്ളാമെന്ന ആഗ്രഹത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

Mr. P. K. Paul *(Kodasseri)*: Sir, I support this resolution. I endorse every syllable of what the Hon'ble Lady Member for Ernakulam said in this connection. This matter may be looked into with all the seriousness which it richly deserves.

മിസ്റ്റർ സി. എ. ഔസേപ്പ്: സർ, ഈ ആക്ഷേപം ആശുപത്രികളിൽ മാത്രമല്ല, വീടുകളിലും ധാരാളം കേൾക്കാറുണ്ടു്. ഏതെങ്കിലും ഒരു രോഗിയുടെ അടുക്കൽ ചെന്നാൽ, 'എനിക്കാവശ്യമായ ഭക്ഷണം കിട്ടുന്നില്ല' എന്നുപറയാത്ത രോഗികൾ ചുരുക്കമാണു്. ചിലപ്രത്യേക രോഗികൾ മാത്രമെ എനിക്കു ഭക്ഷണം വേണ്ടാ എന്നു പറയുകയുള്ളു. അതുകൊണ്ടു് രോഗികൾ ഭക്ഷണം കിട്ടുന്നില്ലെന്നു പറയുന്നതു മുഴുവൻ വിശ്വസിച്ചുകൊണ്ടു് നമ്മൾക്കൊന്നും ചെയ്യുവാൻ നിവൃത്തിയില്ല. എങ്കിലും ചില രോഗികളുടെ രോഗനിലയനുസരിച്ചു വേണ്ടത്ര കലോറിസുള്ള (Calories) ഭക്ഷണം കൊടുക്കണമെന്നുണ്ടു്. ഗവൺമെണ്ടതന്നെ രോഗി ആവശ്യപ്പെടുന്നതൊക്കെ കൊടുക്കാൻ തയ്യാറായാലും അതു ഡോക്ടർമാർകൊടുക്കാൻ സമ്മതിക്കുമൊ എന്നു സംശയമാണു്. ഡോക്ടർമാർ രോഗികൾക്കുവേണ്ട അതാവശ്യആഹാരസാധനങ്ങളും അവർ കൊടുക്കുന്നുണ്ടെന്നൊക്കെ പറയും. ഏതായാലും ഗവൺമെണ്ടു് വളരെ ഗൌരവമായി ഈ കാര്യം ആലോചിക്കുന്നതാണു്. ഈവക സംഗതികളിൽ രോഗികൾക്കു ആവശ്യമായ സൌകര്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ടു്. എന്നാൽ ഗവൺമെണ്ടു് മറ്റു ചില സ്ഥലങ്ങളിലെ കാര്യം, തിരുവിതാംകൂറിലേയും മറ്റും കാര്യം നോക്കിയതിൽ ഇവിടത്തെ ആശുപത്രികളിലെ നിലവളരെ ഭേദമാണെന്നാണു് അറിയുന്നതു്. പണ്ടൊരിക്കൽതാൻതന്നെ ഈകൌൺസിലിലെ ആശുപത്രികളിൽ രോഗികളുടെ ഭക്ഷണത്തിനുവേണ്ടി ഒരുദിവസം എത്ര ചിലവാക

LIBRARY ARCHIVES Kerala Legislative Assembly

മെന്നു ചോദിക്കുകയുണ്ടായിട്ടുണ്ടു്. അന്നു് രണ്ടരയണ, മൂന്നണ എന്നാണു് ഉത്തരം കിട്ടിയതു്. ഇപ്പോൾ ആ തുക എത്രയാണു് എട്ടണയായി വർദ്ധിച്ചിട്ടുണ്ടു്. ഇപ്പോൾ രോഗികളുടെ എണ്ണവും വളരെ വർദ്ധിച്ചിട്ടുണ്ടു്. ആ നിലക്കു വിഭവസമൃദ്ധമായ ഒരു സദ്യ കഴിക്കാൻ ആശുപത്രികളിൽ സംഖ്യമല്ല. ആകെന്നതൊക്കെ ഗവൺമെണ്ടു ചെയ്യുന്നതാണു്. ഗവൺമെണ്ടു് ഉൽക്കണ്ഠയോടുകൂടി ഈ കാര്യം പരീക്ഷിക്കുന്നതാണു്. പിന്നെ ആവശ്യപ്പെടുന്നഡിമാണ്ടു് അനുവദിച്ചുതരാൻതന്നെ ഈ സഭക്കു വിഷമമാണു്. സഭഅനുവദിച്ചു കിട്ടുന്നതു് രോഗികൾക്കു കിട്ടത്തക്കവിധത്തിൽ വേണ്ട നടപടികൾ എടുക്കുന്നുണ്ടു്. ഒരു കാര്യം പറയാം. ഡോക്ടർമാർ ഇന്നു് ആശുപത്രികളിൽ ഗവൺമെണ്ടു് അനുവദിച്ചു കൊടുക്കുന്നതിൽ കൂടുതൽ ഭക്ഷണം കൊടുക്കുവാണ്ടെന്നാണു് അറിയുന്നതു്. അതായതു് ഏതാണ്ടു് ഒരുമാസം മുമ്പു് ചില ആശുപത്രികളിൽ രോഗികൾക്കു ആവശ്യമായ ഭക്ഷണങ്ങൾ കൊടുക്കാതിരുന്നതായി ആക്ഷേപമുണ്ടായി. അതിനെക്കുറിച്ചു് അന്വേഷിച്ചപ്പോൾ അനുവദിച്ചതിൽ കൂടുതൽ ഭക്ഷണം കൊടുത്തതുകൊണ്ടു് ൪ മാസത്തേക്കുള്ള സംഖ്യ മൂന്നു മാസം കൊണ്ടു് തീർന്നു പോയി എന്നാണു് അറിഞ്ഞതു്. ഇരിഞ്ഞാലക്കുട മുതലായ സ്ഥലങ്ങളിൽ ഇങ്ങിനെ ഉണ്ടായിട്ടുണ്ടു്. ഡോക്ടർമാരും രോഗികൾക്കു ഭക്ഷണസാധനങ്ങൾ കൊടുക്കുന്ന കാര്യത്തിൽ മടി കാണിക്കുന്നില്ല. അതുകൊണ്ടു് ഗവൺമെണ്ടു് ഈ കാര്യത്തിൽ വേണ്ട നടപടികൾ എടുക്കുമെന്നു് ഉറപ്പുപറഞ്ഞുകൊള്ളുന്നു.

ഡോക്ടർ മിസിസ്സു് ടി. ഫ്രാൻസിസ്സു്: സർ, ഓരോ രീതിയിലുള്ള സുഖക്കേടിനു ഓരോ തരത്തിലുള്ള ഡയറു് ഡോക്ടർമാർ കൊടുക്കും. ചില രോഗികൾക്കു പ്രത്യേകം പാലു് കൊടുക്കും. എന്നാൽ അത്തരത്തിലുള്ള പ്രത്യേക രോഗികളുടെ കാര്യമല്ല ഞാൻ പറയുന്നതു്. ഞാൻ പറയുന്നതു് ആശുപത്രികളിൽ സാധാരണ കിടത്തിചികിത്സിക്കുകേസുകളുണ്ടു്. അവരുടെ ഭക്ഷണകാര്യമാണു് ഞാൻ പറഞ്ഞതു്. ഞാൻ പറഞ്ഞതു ശരിയാണു് എന്നു് ആരും അറിയാതെ ആശുപത്രിയിലൊന്നു പോയാൽ ബഹുമാനപ്പെട്ട മന്ത്രിക്കു നേരിട്ടു മനസ്സിലാക്കാൻ കഴിയും.

മിസ്റ്റർ കെ. അയ്യപ്പൻ: ബഹുമാനപ്പെട്ട മെമ്പർ ഈ ആശുപത്രിയിൽ ഇന്നുനാകാലത്തു് ഇങ്ങിനെതന്നെയാണോ അവിടെ നടന്നിട്ടുള്ളതു്.

ഡോക്ടർമിസിസ്സു് ടി. ഫ്രാൻസിസ്സു്: ഇതുപോലെതന്നെയാണു് അന്നും നടന്നിരുന്നു ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യത്തിൽ വേണ്ട നടപടികൾ എടുക്കുമെന്നു പറഞ്ഞതുകൊണ്ടു് ഞാൻ ഇതു പ്രസ്സു ചെയ്യുന്നില്ല. ആശുപത്രികളിലെ In-patients ന്റെ അവസ്ഥ ഇന്നത്തേതിൽനിന്നു വളരെ ഭേദപ്പെടുത്തുമെന്നു് ആശിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയം പിൻവലിക്കുന്നു.

Resoluation by leave withdrawn
Resolution No. 33 to 41 were not moved

RESOLUTION No. 42

REMOVAL OF RESTRICTIONS ON ERECTION OF PLACES OF PUBLIC WORSHIP

മിസ്റ്റർ സി. വി. ഐപ്പു: *This Assembly recommends to Government to remove all the restrictions imposed on the erection of places of public worship*". സർ, ഈശ്വരാരാധനാസ്ഥലങ്ങൾ ഉണ്ടാക്കുന്നതിനു ഇന്നു യഥാർത്ഥത്തിൽ പല പ്രതിബന്ധങ്ങളും ഉണ്ടു്. പ്രതിബന്ധങ്ങളൊന്നും ഇല്ലെന്നു് ഗവൺമെണ്ടു ചിലപ്പോൾ മറുപടിപറയുമായിരിക്കും. ഗവൺമെണ്ടിൽ പൊതു ആരാധനാസ്ഥലം കിട്ടുന്നതിനുള്ള അപേക്ഷാഫാറത്തിൽ, ഉദ്ദേശിക്കുന്ന ആരാധനാസ്ഥലത്തിന്റെ അതിരുകളിൽ മറ്റു ഏതെങ്കിലും ആരാധനാസ്ഥലങ്ങളുണ്ടെങ്കിൽ അതിനെ കാണിക്കണമെന്നു ഒരു വ്യവസ്ഥയുണ്ടു്. ആ ഫാറത്തിലുള്ള വ്യവസ്ഥയനുസരിച്ചു് അപേക്ഷ എഴുതികൊടുത്താൽ ആ അപേക്ഷാസംഗതിയെക്കുറിച്ചുള്ളഅന്വേഷണങ്ങൾവില്ലേജുദ്യോഗസ്ഥന്മാർവരെ എത്തി ൧൦ ദിവസത്തിനുള്ളിൽ ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു് അപേക്ഷ നിരാകരിക്കപ്പെടാത്തപക്ഷം അപേക്ഷ അനുവദിച്ചതായി കരുതാമെന്നുള്ള ഒരു നിയമം അഞ്ചാറുകൊല്ലം മുമ്പുണ്ടായിരുന്നു. ആ സൌകര്യംകൂടി ഇപ്പോഴില്ല. ജനാധിപത്യത്തിലേക്കു് അടുക്കുംതോറും മതസ്വാതന്ത്ര്യങ്ങൾ കുറയുകയാണു്. ആരാധനാസ്ഥലം അനുവദിക്കുന്നതിനു പ്രത്യക്ഷത്തിൽ തടസ്ഥമില്ലെങ്കിലും അനുഭവത്തിൽ ഇങ്ങിനെയുള്ള അപേക്ഷകൾ വളരെയധികം തടസ്ഥങ്ങൾമൂലം പലപ്പോഴും തള്ളപ്പെട്ടുപോകയൊ അല്ലെങ്കിൽ വളരെക്കാലംകഴിഞ്ഞു് അനുവദിക്കുകയൊ ചെയ്യുന്നുണ്ടു്. ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളിൽ, ഹൈദരാബാദു്, തിരുവിതാംകൂർ ഒഴിച്ചു് മറ്റുള്ള നാട്ടുരാജ്യങ്ങളിൽപോലും ഇങ്ങിനെയുള്ള ഒരു നിയമമുള്ളതായിട്ടു് അറിയുന്നില്ല, ഇൻഡ്യൻ സെൻട്രിനിയനി

LIBRARY ARCHIVES Kerala Legislative Assembly